പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **2140** 18.03.2015 ൽ മറുപടിക്ക്

## ട്രെയിനുകളിൽ ലഭ്യമാകുന്ന ഭക്ഷണ സാധനങ്ങളുടെ ഗുണമേന്മ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി : | | | ആര്യാടൻ മുഹമ്മദ്<br>**(ഊർജ്ജ വകുപ്പുമന്ത്രി)** |
| (എ) | സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന ട്രെയിനുകളിൽ ലഭ്യമാകുന്ന ഭക്ഷണ സാധനങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് സർക്കാർ റെയിൽവേയുമായി ബന്ധപ്പെട്ട് എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ട്: വിശദാംശം വ്യക്തമാക്കുമോ; | (എ) | ട്രെയിനുകളിൽ വിതരണം ചെയ്യുന്ന ഭക്ഷണ സാധനങ്ങളുടെ വിലയും, ചേരുവകളും അളവും, ഭക്ഷണം, കുടിവെള്ളം എന്നിവ പാക്ക് ചെയ്ത് വിതരണം ചെയ്യേണ്ടത് എങ്ങനെയെന്നും പാൻട്രികാർ ലൈസൻസി പാലിക്കേണ്ട കാര്യങ്ങൾ എന്തൊക്കെയാണെന്നും, പരിശോധനകൾ എങ്ങനെ നടത്തണമെന്നും ഇക്കാര്യത്തിൽ വീഴ്ചകൾ ഗുരുതരമായി കണ്ട് വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കണമെന്നും വിശദീകരിക്കുന്ന റെയിൽവേ ബോർഡിന്റെ 21.12.2012 ലെ കമ്മേർഷ്യൽ സർക്കുലർ പ്രകാരം വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്. |
| (ബി) | ട്രെയിനുകളിൽ ലഭ്യമാകുന്ന ഭക്ഷണ സാധനങ്ങളുടെ അളവും, വിലയും റെയിൽവേ നിഷ്കർഷിച്ച തോതിലാണ് ലഭിക്കുന്നത് എന്ന് ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (ബി) | ട്രെയിനുകളിൽ വിതരണം ചെയ്യുന്ന ഭക്ഷണ സാധനങ്ങളുടെ ഗുണമേന്മ ഉറപ്പു വരുത്തുന്നത് റെയിൽവേയാണ്. എന്നിരുന്നാലും യാത്രക്കാർക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകാതിരിക്കാൻ ട്രെയിനുകളിലും പ്ലാറ്റ്ഫോമിലും വിതരണം ചെയ്യുന്ന ഭക്ഷണത്തിന്റെയും കുടി വെള്ളത്തിന്റെയും |

| | | | |
|---|---|---|---|
| | | | ...ഗുണനിലവാരം, അളവ് ... കാര്യമായി നിരീക്ഷിക്കണമെന്ന് സംസ്ഥാന സർക്കാർ റെയിൽവേയോട് ഇതിനകം ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | ഇതു സംബന്ധിച്ച പരാതികൾ എവിടെയാണ് ഉന്നയിക്കേണ്ടത്; വിശദാംശം വ്യക്തമാക്കാമോ? | (സി) | പരാതികൾ യാത്രക്കാർക്ക് സ്റ്റേഷൻ മാനേജർ അല്ലെങ്കിൽ സ്റ്റേഷൻ മാസ്റ്റർ, പാൻട്രികാർ മാനേജർ, ഗാർഡ് എന്നിവരുടെ പക്കലുള്ള പരാതി പുസ്തകത്തിൽ നേരിട്ട് രേഖപ്പെടുത്തുകയോ, പരാതി എഴുതി സീനിയർ ഡിവിഷണൽ കമ്മേഷ്യൽ മാനേജർക്ക് നേരിട്ടോ തപാൽ മുഖേനയോ നല്കാവുന്നതും ഇൻറർനെറ്റിൽ റെയിൽവേയുടെ പബ്ലിക് ഗ്രീവൻസ് സെല്ലിൽ രേഖപ്പെടുത്തുകയോ അല്ലെങ്കിൽ 1800-111-321 എന്ന ടോൾ ഫ്രീ നമ്പരിൽ രജിസ്റ്റർ ചെയ്യുകയോ ചെയ്യാവുന്നതാണ്. |

സെക്ഷൻ ഓഫീസർ